TUESDAY 26.12.2023 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/12/2023

1. വിളനാശമുണ്ടായാൽ കർഷകനു സഹായമാകുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതികളിൽ ചേരാൻ രജിസ്റ്റർ ചെയ്യാനുള്ള അവസാനതിയ്യതി ഡിസംബർ 31 ആണ്. കാലാവസ്ഥധിഷ്ഠിത പദ്ധതിയിൽ തെങ്ങ്, റബ്ബർ, നെല്ല്, വാഴ, കവുങ്ങ്, കുരുമുളക്, മഞ്ഞൾ, ജാതി, കൊക്കോ, വെറ്റില, ഏലം, ഗ്രാമ്പൂ, ഇഞ്ചി, മാവ്, പൈനാപ്പിൾ, കശുമാവ്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ (ചേമ്പ്, ചേന, കാച്ചിൽ, ചെറു കിഴങ്ങ്, മധുരക്കിഴങ്ങ്) പയർവർഗ്ഗങ്ങൾ (ഉഴുന്ന്, പയർ, ചെറുപയർ, ഗ്രീൻ പീസ്, സോയാബീൻ) പച്ചക്കറി വിളകൾ (പടവലം, പാവൽ, വള്ളി പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകൾക്കും പരിരക്ഷ ലഭിക്കും. കാലാവസ്ഥാ നിശ്ചിത വിള ഇൻഷുറൻസിൽ ഓരോ വിളക്കും വെവ്വേറെ പ്രതികൂല കാലാവസ്ഥ ഘടകങ്ങളും അതു കൃഷിഭവൻ അല്ലെങ്കിൽ ഇൻഷുറൻസ് കമ്പനിയെ നേരിട്ടോ രേഖാമൂലമോ 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിലോ അറിയിക്കേണ്ടതാണ്. സി.എസ്.സി ഡിജിറ്റൽ സേവകേന്ദ്രങ്ങൾ വഴി കർഷകർക്ക് ഓൺലൈൻ ആയി റജിസ്റ്റർ ചെയ്യാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരാണെങ്കിൽ അവരെ അതതു ബാങ്കുകൾക്കും പദ്ധതിയിൽ ചേർക്കാം. അപേക്ഷ പൂരിപ്പിച്ച ശേഷം നിശ്ചിത പ്രീമിയം തുക, ആധാറിൻ്റെ പകർപ്പ്, നികുതി രസീതിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിൻ്റെ പകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ് എന്നിവ കൂടി സമർപ്പിക്കണം.

2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രെണർഷിപ് ആൻഡ് മാനേജ്മന്റ് തഞ്ചാവൂർ ഒരു ഓൺലൈൻ ഹ്രസ്വ കോഴ്സ് എന്റർപ്രെണർഷിപ് ഡെവലപ്മെന്റ് ഇൻ ഫുഡ്പ്രോസസ്സിംഗ് എന്ന വിഷയത്തിൽ ജനുവരി 8 മുതൽ 10 വരെ സംഘടിപ്പിക്കുന്നു കൂടുതൽ വിവരങ്ങൾക്ക് 9750968420, 9842639565 എന്നീ നമ്പരുകളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബന്ധപെടുക. രജിസ്ട്രേഷൻ ഫീസ് 1180 രൂപ. http://niftem-t.ac./training.php എന്ന ലിങ്ക് വഴി ജനുവരി 5 വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിക്കാം ആലപ്പുഴ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കാണ് അർഹത. SSLC, PLUS TWO ബിരുദം പ്രൊഫഷണൽ ബിരുദം എന്നീ തലങ്ങളിൽ പഠിക്കുന്നവർ ആയിരിക്കണം. അപേക്ഷകർ 2022-23 അക്കാദമിക്ക് വർഷം പഠനം പൂർത്തീകരിച്ചതും 2023-24വർഷം യോഗ്യത സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരുമായിരിക്കണം. പദ്ധതിയുടെ വിശദവിവരങ്ങളും അപേക്ഷയും www.kdfwf.orgg വെബ്സൈറ്റിൽ ലഭിക്കും. വിശദ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസനയുണിറ്റ് ഓഫീസുകളുമായി ബന്ധപ്പെടുക. അപേക്ഷ ജനുവരി 15 വരെ സ്വീകരിക്കുന്നതാണ്.

4. മിനിസ്ട്രി ഓഫ് മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസും MSME – ഡെവലപ്മെന്റ് ആന്റ് ഫെസിലിറ്റേഷൻ ഓഫീസ് തൃശ്ശൂരും സംയുക്തമായി ഗോൾഡൻ ജൂബിലി ഹാൾ- MSME – DFO, തൃശ്ശൂരിൽ വച്ച് 2024 ജനുവരി 3-ാം തീയതി 9 മണി മുതൽ 5 മണിവരെ ഒരു ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നു. പ്രവേശനം സൗജന്യം. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2024 ജനുവരി 1. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 7559008308 എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, കേരള കാർഷിക സർവകലാശാല ആരംഭിച്ച മൂന്ന് മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ആണ് Organic Interventions for Crop Sustainability. പൂർണമായും ഓൺലൈൻ ആയുള്ള ഈ കോഴ്സസ് പ്ലസ് ടു വിജയിച്ച ആർക്കും ചെയ്യാവുന്നതാണ്. താല്പര്യം ഉള്ളവർ https://forms.gle/MFzYDVspFug1pSci7 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യുക.

6. കേരള അഗ്രോ ഇൻഡസ്ട്രിസ് കോർപ്പറേഷന്റെ കിഴക്കേക്കോട്ടയിലുള്ള അഗ്രോ സൂപ്പർ ബസാറിൽ കാർഷിക ഉത്പന്നങ്ങളും,. കാർഷികയന്ത്രങ്ങളും സ്റ്റോക്ക് ക്ലിയറൻസിന്റെ ഭാഗമായി വമ്പിച്ച വിലക്കുറവിൽ വിറ്റഴിക്കുന്നു. ഇന്നു (ഡിസംബർ 20) മുതൽ മെഗാ ഡിസ്കൗണ്ട് മേള ആഗ്രോ സൂപ്പർ ബസാറിൽ ആരംഭിക്കുന്നു. 70% വരെ വിലക്കുറവിൽ കാർഷിക ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ഈ അവസരം കർഷകർ പരമാവധി പ്രയോജനപ്പെടുത്തി കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും സ്വന്തമാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9562941221, 9048920261 എന്നീ ഫോൺ നമ്പരുമായി ബന്ധപ്പെടുക.

7. സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) പേട്ടയിലുള്ള ഹെഡ് ഓഫീസിൽ 60 ദിവസം പ്രായമായ ബി.വി 380 ഇനത്തിൽപ്പെട്ട മുട്ട കോഴികൾ സ്റ്റോക്ക് തീരുന്നതുവരെ വിൽപ്പന നടത്തുന്നു. ആവശ്യമുള്ളവർ 9495000915, 0471 2468585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

8. വെള്ളാനിക്കര ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്,നാരകം തുടങ്ങിയ ഫല വൃക്ഷ തൈകളും കുരുമുളക്, കവുങ്ങ് തുടങ്ങിയ തൈകളും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

9. ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന(2022-23) യുടെ ഭാഗമായി 2023-24 വർഷത്തിൽ നടപ്പിലാക്കുന്ന ഓപ്പൺ പ്രെസിഷൻ ഫാമിംഗ് പദ്ധതിക്ക് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ പട്ടികജാതി/ പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ട വാഴ /പച്ചക്കറി കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 1 ഹെക്ടർ വാഴക്ക് 96,000 രൂപയും, 1 ഹെക്ടർ പച്ചക്കറിക്ക് 91,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് കൃഷി സ്ഥലം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്

## പരിശീലന പരിപാടി

10. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഡിസംബർ 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം